# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** 30/09/2016-ലെ മറുപടിയ്ക്ക്

**ചോദ്യം നം. 1229**

## മോട്ടോർ തൊഴിലാളി ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ബാബു | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) നിലവിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണമെത്ര എന്ന് വിശദമാക്കുമോ; | (എ) നിലവിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ 2016 ജൂലൈ മാസം വരെയുള്ള കണക്ക് പ്രകാരം 7,85,933 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) തൊഴിലാളി ഉടമസ്ഥവിഹിതമായി എത്ര രൂപ പിരിച്ചെടുത്തു എന്ന് വിശദമാക്കുമോ; | ബി) തൊഴിലാളി ഉടമസ്ഥ വിഹിതമായി 2016 ജൂലൈ മാസം വരെയുള്ള കണക്ക് പ്രകാരം 961,46,29,306/- (തൊള്ളായിരത്തി അറുപത്തിയൊന്ന് കോടി നാൽപ്പത്തിയാറ് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി മുന്നൂറ്റി ആറ്) രൂപ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭിച്ചിട്ടുണ്ട്. |
| സി) നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് നൽകുന്നത് എന്ന് വിശദമാക്കുമോ; | സി) തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകിയ ആനുകൂല്യങ്ങളെ സംബന്ധിച്ച വിശദാംശം നൽകുമോ? | ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകിയ ആനുകൂല്യങ്ങളെ സംബന്ധിച്ച വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

## നിലവിൽ മോട്ടോർ തൊഴിലാളികൾക്ക് നല്കി വരുന്ന ആനുകൂല്യങ്ങൾ

1 റീഫണ്ട് :- ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് സർവ്വീസിൽ നിന്നും പിരിഞ്ഞുപോകുമ്പോൾ ക്ഷേമനിധിയിനത്തിൽ തൊഴിലാളിയും തൊഴിലുടമയും അടച്ച തുക പലിശ സഹിതം തിരികെ ലഭിക്കുന്നതാണ്.

2. പെൻഷൻ :- 8 വർഷത്തിൽ കുറയാതെ (7 ½ വർഷം തികച്ചവർക്കും) ക്ഷേമനിധിയിൽ അംഗത്വം ഉള്ളതും 60 വയസ്സ് പൂർത്തിയാക്കിയവരുമായ അംഗങ്ങൾക്ക് പ്രതിമാസം 1000/- രൂപ മിനിമം പെൻഷനായി ലഭിക്കും. കൂടാതെ 55 വയസ്സ് മുതൽ വോളന്ററി പെൻഷന് അർഹതയുണ്ട്. കൂടാതെ വാഹനങ്ങളുടെ ഇനം തിരിച്ച് വാർഷിക വർദ്ധനവും ലഭിക്കുന്നതാണ്. സ്റ്റേജ് ക്യാര്യേജ് (ഹെവി), സ്റ്റേജ് ക്യാര്യേജ് (ലൈറ്റ്), കോൺട്രാക്ട് ക്യാര്യേജ്, ലക്ഷ്വറി ബസ്, ഗുഡ്സ് വെഹിക്കിൾ (ഹെവി), ഗുഡ്സ് വെഹിക്കിൾ (ലൈറ്റ്) എന്നീ വാഹനങ്ങളിലെ തൊഴിലാളികൾക്ക് പ്രതിവർഷം 75/- രൂപ നിരക്കിലും, മൾട്ടി യൂട്ടിലിറ്റി വാഹനങ്ങളായ ഒമ് നി വാൻ. ടൊയോട്ട, ക്വാളിസ്,ടെമ്പോ ട്രാവലർ, ടാക്സി ക്യാബ്, ഓട്ടോറിക്ഷ (1991-ലെ ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേപദ്ധതിയിൽ അംഗങ്ങളായ ഓട്ടോറിക്ഷ തൊഴിലാളികൾ ഒഴികെ) ട്രാക്ടർ, ട്രില്ലർ അതുപോലെയുള്ള മറ്റ് വാഹനങ്ങൾ എന്നിവയിലെ തൊഴിലാളികൾക്ക് പ്രതിവർഷം 50/- രൂപ നിരക്കിലും വാർഷിക വർദ്ധനവ് ലഭിക്കും. നിലവിൽ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവർക്കും പുതിയ നിരക്കിലുള്ള പെൻഷൻ ലഭിക്കും.

3. അവശതാ പെൻഷൻ :- ജോലി ചെയ്യാൻ കഴിയാത്ത തരത്തിൽ പൂർണ്ണമായി അവശതയനുഭവിക്കുന്ന തൊഴിലാളികൾക്ക് സർവ്വീസ് ദൈർഘ്യം നോക്കാതെ മിനിമം 1000/- രൂപ അവശതാപെൻഷൻ ലഭിക്കുന്നതാണ്.

4. അപകടമരണാനന്തര ധനസഹായം :- ക്ഷേമനിധി അംഗമായ തൊഴിലാളി അപകടം മൂലം മരണപ്പെട്ടാൽ ഒന്നരലക്ഷം രൂപ ധനസഹായം ലഭിക്കുന്നതാണ്.

5. സ്വാഭാവിക മരണാനന്തര ധനസഹായം :-ക്ഷേമനിധി അംഗമായ തൊഴിലാളി സ്വാഭാവികമായി മരണപ്പെട്ടാൽ 50000/- (അൻപതിനായിരം) രൂപ ധനസഹായം ലഭിക്കുന്നതാണ്.

6. ചികിത്സാ ധനസഹായം :-ക്ഷേമനിധിയിൽ അംഗമായ തൊഴിലാളിക്ക് മാരകമായ അസുഖങ്ങളായ ക്ഷയരോഗം, അർബുദം, തളർവാതം, വൃക്ക സംബന്ധമായ അസുഖം, ഹൃദയ സംബന്ധമായ അസുഖം, കരൾ രോഗം, നേത്രരോഗം, മുട്ടുമാറ്റി വയ്ക്കൽ ശസ്ത്രക്രിയ എന്നിവയ്ക്കായി ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള ആശുപത്രികളിൽ ചികിത്സിക്കുന്ന പക്ഷം പരമാവധി 50000/- (അൻപതിനായിരം) രൂപവരെ ചികിത്സാ ധനസഹായമായി ലഭിക്കുന്നതാണ്.

7. വിവാഹ ധനസഹായം :- മോട്ടോർ തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് 20000/- (ഇരുപതിനായിരം) രൂപ ധനസഹായം (പരമാവധി 2 കുട്ടികൾക്ക്) ലഭിക്കുന്നതാണ്.

8. പ്രസവാനുകൂല്യം :- വനിതകളായ മോട്ടോർ തൊഴിലാളികൾക്ക് പ്രസവ ധനസഹായമായി 3000/- (മൂവായിരം) രൂപ (പരമാവധി 2 തവണ) ലഭിക്കുന്നതാണ്.

9. വിദ്യാഭ്യാസ സ്കോളർഷിപ്പ് :- എട്ടാം ക്ലാസ് മുതൽ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അഞ്ഞൂറ് രൂപ മുതൽ ഏഴായിരത്തി അഞ്ഞൂറ് രൂപ വരെ വിദ്യാഭ്യാസ സ്കോളർഷിപ്പായി നൽകി വരുന്നു.

10. ലാപ് ടോപ്പ് :- കാലാകാലങ്ങളിൽ തൊഴിലാളികളുടെ അർഹരായ മക്കൾക്ക് ലാപ് ടോപ്പ് അനുവദിച്ചു നൽകുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം 1I

**കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകിയ ആനുകൂല്യങ്ങളെ സംബന്ധിച്ച വിശദാംശം**

| | ആനുകൂല്യങ്ങൾ | തൊഴിലാളികൾ | തുക (രൂപ) |
|---|---|---|---|
| 1 | മരണാനന്തര ധനസഹായം | 588 | 1,47,75,000 |
| 2 | അപകടമരണാനന്തര ധനസഹായം | 116 | 1,16,00,000 |
| 3 | ചികിത്സാധനസഹായം | 140 | 45,57,829 |
| 4 | പെൻഷൻ | 643 | 61,52,707 |
| 5 | അവശതാപെൻഷൻ | 30 | 1,67,000 |
| 6 | വിവാഹ ധനസഹായം | 3010 | 3,01,00,000 |
| 7 | പ്രസവാനുകൂല്യം | 6 | 18,000 |
| 8 | സ്കോളർഷിപ്പ് | 19727 | 3,06,26,300 |
| 9 | റീഫണ്ട് | 10207 | 23,71,40,323 |
| 10 | ലാപ് ടോപ്പ് | 121 | 3,33,285 |

സെക്ഷൻ ഓഫീസർ